## സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

dtekerala@gmail.com
04712561307

**നടപടിക്രമം**

വിദ്യാഭ്യാസം - സാങ്കേതികം --ശ്രീമതി ലല്ലുമോൾ കെ ജോണി, ഇലക്ട്രിക്കൽ ആൻറ് ഇലക്ട്രോണിക്സ് വിഭാഗം ലക്ചറർ, സർക്കാർ പോളിടെക്നിക് കോളേജ് , പാലാ - കെഎസ്ആർ ചട്ടം 91എ പ്രകാരം അനുവദിച്ച ശൂന്യവേതനാവധി - ലക്ചറർ തസ്തികയിൽ പുനഃപ്രവേശിക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (സി) വിഭാഗം

നം: ഇ. സി 1/21191/23/ഡി.ടി.ഇ — തിരുവനന്തപുരം , തീയതി: 27.07.2023

---

വായന:- 1.13.12.2021 ലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് തിരുവനന്തപുരം നം. ഇസി-1/763/2013/ഡി ടി ഇ (II) നടപടി ക്രമം

2. ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പിൻറെ ഉത്തരവ് GO (Rt)/324/2022/ഉ.വി.വ തിയതി 26/02/2022

3. 27/05/2023 ലെ പാലാ സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിന്റെ E1/1811/21/ജിപിസി-പി എൽ എ നമ്പർ കത്ത്

4. 15.05.2023 ലെ ശ്രീമതി ലല്ലുമോൾ കെ ജോണി, ലക്ചറർ ഇൻ ഇലക്ട്രിക്കൽ ആൻറ് ഇലക്ട്രോണിക്സ് സമർപ്പിച്ച അപേക്ഷ

**ഉത്തരവ്**

പാലാ സർക്കാർ പോളിടെക്നിക് കോളേജിൽ ഇലക്ട്രിക്കൽ വിഭാഗം ലക്ചറർ തസ്തികയിൽ സൂചന (1) പ്രകാരം 30.12.2021 ന്ന ജോലിയിൽ പ്രവേശിച്ച ശ്രീമതി ലല്ലുമോൾ കെ ജോണിയ്ക്ക് പിഎച്ച്ഡി കോഴ്സ് പൂർത്തിയാവുന്നതിനായി സൂചന 2 പ്രകാരം 31.07.2023 വരെ ശൂന്യവേതനാവധി അനുവദിച്ച് നൽകിയിരുന്നു .

വായന 3,4 ലെ അപേക്ഷ പ്രകാരം, ശ്രീമതി ലല്ലുമോൾ കെ ജോണിയുടെ പിഎച്ച്ഡി കോഴ്സ് 31/07/2023 ന്ന പൂർത്തിയാകുന്നുവെന്നും ആയതിനാൽ തിരികെ ജോലിയിൽ പുന:പ്രവേശിക്കാൻ ഉത്തരവ് നൽകണമെന്നും അപേക്ഷിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ ശ്രീമതി ലല്ലുമോൾ കെ ജോണിയുടെ അപേക്ഷ പരിഗണിച്ച്, പിഎച്ച്ഡി പഠനം പൂർത്തീകരിച്ചതിനാൽ, പാലാ സർക്കാർ പോളിടെക്നിക്ക് കോളേജിൽ നിലവിലുള്ള ഇലക്ട്രിക്കൽ ആൻറ് ഇലക്ട്രോണിക്സ് വിഭാഗം ലക്ചറർ തസ്തികയിൽ പുന:പ്രവേശനം നൽകി ഉത്തരവാകുന്നു.2023 പൊതു സ്ഥലം മാറ്റ അന്തിമ പട്ടിക പുറത്തിറങ്ങുന്നതിനു മുൻപുള്ള നിയമനമായതിനാൽ, പൊതു സ്ഥലം മാറ്റ ഉത്തരവിൽ ഈ സ്ഥാപനത്തിലേക്ക് മറ്റു യോഗ്യരായ അപേക്ഷകർക്ക് സ്ഥലം മാറ്റം ലഭിക്കുന്ന പക്ഷം ശ്രീമതി ലല്ലുമോൾ കെ ജോണിയെ ഈ സ്ഥാപനത്തിൽ നിന്നും മാറ്റി നിയമിക്കുന്നതായിരിക്കും. ജോലിയിൽ പ്രവേശിക്കുന്ന തീയതി സ്ഥാപന മേധാവി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ഒപ്പ് /-

ഡോ. രാമചന്ദ്രൻ എം
സീനിയർ ജോയിൻറ് ഡയറക്ടർ

പകർപ്പ്

1.പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്നിക് കോളേജ്, പാലാ
2) ശ്രീമതി ലല്ലുമോൾ കെ ജോണി, ഇലക്ട്രിക്കൽ ആൻറ് ഇലക്ട്രോണിക്സ് വിഭാഗം ലക്ചറർ (പ്രിൻസിപ്പാൾ മുഖാന്തിരം)
3.അക്കൌണ്ടൻറ് ജനറൽ (എ&ഇ),കേരള കോട്ടയം
4.സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്.

Approval Valid

Draft #1 of File EC1/21191/23/DTE Approved by Senior Joint Director (PS) on 27-Jul-2023 01:26 PM - Page 1

Digitally Approved By
ഡോ. രാമചന്ദ്രൻ എം
Date: 27.07.2023
Reason: Approved

Draft #1 of File EC1/21191/23/DTE Approved by Senior Joint Director (PS) on 27-Jul-2023 01:26 PM - Page 2

The document is digitally approved. Hence signature is not needed.